**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 898** **10-08-2023 - ൽ മറുപടിയ്ക്ക്**

**തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത ആദിവാസികളുടെ കൂലി നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | ഡിജിറ്റൽ ഹാജർ രേഖപ്പെടുത്തുവാൻ കഴിയാത്തതിനാൽ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത ആദിവാസികൾക്ക് കൂലി നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. ഡിജിറ്റൽ ഹാജർ രേഖപ്പെടുത്താൻ സാധിക്കാത്തതിനാൽ കുറ്റിച്ചൽ ഗ്രാമപഞ്ചായത്തിലെ 6 സെറ്റിൽമെന്റ് കോളനിയിൽപ്പെട്ട പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് 96,099/- രൂപ വേതനം ലഭിച്ചിട്ടില്ല. ടി വിഷയം കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | ആദിവാസി മേഖലകളിൽ ഇന്റർനെറ്റ് സൗകര്യങ്ങളുടെ അപര്യാപ്തത മൂലം അർഹതപ്പെട്ട കൂലി പോലും ലഭിക്കാത്ത സാഹചര്യം പരിഗണിച്ചുകൊണ്ട് ആദിവാസി സെറ്റിൽമെന്റുകളുമായി ബന്ധപ്പെട്ടു ഇന്റർനെറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | ഇന്റർനെറ്റ് സൗകര്യമില്ലാത്ത കോളനികളിൽ BSNL 4G സാച്ചുറേഷൻ പദ്ധതിയുടെ ഭാഗമായി ഇന്റർനെറ്റ് സംവിധാനം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ